**ക്രമപ്രശ്നം**

**ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കേരള മോഡൽ എന്നു വിശേഷിപ്പിക്കുന്ന പ്രാദേശിക ജനകീയ ആസൂത്രണ സമ്പ്രദായം നടപ്പാക്കി എന്ന് അഭിമാനിക്കുന്ന കേരളത്തിൽപ്പോലും നിയമസാധുതയും നിയമത്തിന്റെ പിൻബലവും ഉണ്ട് എന്ന് പറയാൻ പറ്റാത്ത വിധത്തിലാണ് പല കാര്യങ്ങളും നിർവ്വഹിക്കപ്പെടുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ൽ ഭരണഘടനാ ഭേദഗതികൾക്ക് അനുസൃതമായി രൂപകല്പന ചെയ്തതായിരുന്നു. ഇതിൽ വകുപ്പ് 163 പ്രവർത്തന കമ്മിറ്റികളുടെ രൂപീകരണത്തെ സംബന്ധിച്ചാണ്. ഈ വകുപ്പ് ഇങ്ങനെയാണ് പറയുന്നത്. പ്രവർത്തന കമ്മിറ്റികളുടെ പൂർത്തീകരണം ഓരോ പഞ്ചായത്തും ഇതിലേയ്ക്കായി ഉണ്ടാക്കിയേയ്ക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി കൃഷി, ശുചീകരണം, വാർത്താ വിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് പഞ്ചായത്ത് അംഗങ്ങൾക്കും പൊതുജന ക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്തവരുമായ മറ്റാളുകളും അടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്ത

അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. രണ്ടാമത്തേതിൽ പറയുന്നത് പ്രവർത്തന കമ്മിറ്റികളുടെ അധികാരങ്ങളും ചുമതലകളും ഇതിലേയ്ക്കായി നിർണ്ണയിക്കപ്പെട്ടേയ്ക്കാവുന്ന പ്രകാരമുള്ളവ ആയിരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുരുക്കിപറയണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്റെ ക്രമപ്രശ്നം ഇതാണ്. ഈ കമ്മിറ്റി പദ്ധതി രൂപീകരണ നടത്തിപ്പുകമ്മിറ്റിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. കമ്മിറ്റിയുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുമെന്ന് ഈ വകുപ്പിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ചട്ടങ്ങൾ രൂപീകരിച്ചതായി കാണുന്നില്ല. ജനകീയാസൂത്രണത്തിന്റെ ഗൈഡ് ലൈൻസ് ഇറക്കിയത് പ്ലാനിംഗ് ബോർഡാണ്. അവർക്ക് അതിന് അധികാരമില്ല. പദ്ധതികൾ രൂപീകരിക്കുന്നതിനോ, നടപ്പിലാക്കുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ഇതിലുള്ള ചട്ടങ്ങൾ ഇതേവരെ വിജ്ഞാപനം ചെയ്തിട്ടില്ല എന്നതാണ് വാസ്തവം. അതുപോലെ 175 - ാം വകുപ്പിനും ചട്ടങ്ങളില്ല. ഇതിനും ചട്ടങ്ങൾ രൂപീകരിക്കണം. അതിന് ഈ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ,

കേരള പഞ്ചായത്ത് രാജ് നിയമം 163 - ാം വകുപ്പുപ്രകാരം ഓരോ പഞ്ചായത്തും ഇതിലേയ്ക്കായി രൂപീകരിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി കൃഷി, ശുചീകരണം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് പഞ്ചായത്ത് അംഗങ്ങളും പൊതുജനക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുവരുമായ മറ്റാളുകളുമടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിയ്ക്കേണ്ടതും അവരുടെ അധികാരങ്ങളും ചുമതലകളും ചട്ടങ്ങളിൽ നിർണ്ണയിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൻപ്രകാരം ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി ആരംഭിച്ചത് മുതൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ആസൂത്രണ മാർഗ്ഗരേഖ പ്രകാരം രൂപീകരിയ്ക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡർമാർ തുടങ്ങിയ കമ്മിറ്റികൾക്ക് പദ്ധതി രൂപീകരണ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിൽ പഞ്ചായത്ത് അംഗങ്ങൾ കൂടാതെ മേൽ വിവരിച്ച വിവിധ മേഖലയുമായി ബന്ധപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ പഞ്ചായത്തിന്റെ സ്ഥിരം സമിതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക്

നൽകിയിട്ടുള്ള വിഷയ ചുമതലകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണം ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 175- ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമായിരിക്കണം പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതെന്നും അതിനും ചട്ടം നിർമ്മിച്ചില്ലെന്നുമാണ് മറ്റൊരു പ്രശ്നം ഉന്നയിച്ചിട്ടുള്ളത്. 175(1) വകുപ്പ് പ്രകാരം ഓരോ തലത്തിലുള്ള പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമാണ് തൊട്ടടുത്ത വർഷത്തിലേക്കുള്ള പദ്ധതി തയ്യാറാക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, പദ്ധതി രൂപീകരണ ഫോറങ്ങൾ എന്നിവ അനുസരിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്.

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളം വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗം സ്വീകരിക്കുവാൻ അനുകരിക്കാവുന്ന ഒരു മാതൃക നിലവിലുണ്ടായിരുന്നില്ല. വിശദമായ ചട്ടങ്ങൾ രൂപീകരിച്ച് അതിനുള്ളിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നടപ്പിലാക്കുക എന്നുള്ളത് അപ്രായോഗികമായതിനാലാണ് വിശദമായ ചട്ടങ്ങൾ

ഇല്ലാതെ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയത്. ജനപങ്കാളിത്തത്തോടെ കേരളത്തിൽ നടപ്പാക്കിയ വികസന മാതൃക ഇന്ത്യക്കും ലോകത്തിനും പിൻതുടരാവുന്ന മാതൃകയാണെന്ന് അംഗീകരിച്ചുകഴിഞ്ഞ വസ്തുതയാണ്. എന്നിരുന്നാലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയ്ക്ക് വിശദമായ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ല എന്ന പോരായ്മ നിലനിൽക്കുന്നു. അത് പരിഹരിക്കുന്നതിനും പദ്ധതി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

**<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്</u>**

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പഞ്ചായത്ത് രാജ് ആക്ടിലെ 163 - ാം വകുപ്പുപ്രകാരവും 175 വകുപ്പ് പ്രകാരവും ഉണ്ടാക്കേണ്ട ചട്ടങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നും അത് അടിയന്തരമായി രൂപീകരിക്കണമെന്നുമാണ് ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നം. ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം എക്സിക്യൂട്ടീവിന് നല്കിയിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി തയ്യാറാക്കേണ്ട കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കണമെന്നും പ്രസ്തുത ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അത് അയച്ചുകൊടുക്കണമെന്നും

പ്രസ്തുത കരട് ചട്ടങ്ങൾ അതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ പരിഗണിക്കണമെന്നും നിയമസഭാ നടപടിചട്ടം 238(2)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റിലെ 163, 175(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള ചട്ടങ്ങൾ ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും അതിന്മേൽ ഉടനടി നടപടി സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി നല്കിയ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം തള്ളുന്നു. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. എൻ.എ. നെല്ലിക്കുന്നിനെ പ്രത്യേകം ചെയർ അഭിനന്ദിക്കുന്നു.